കേരളാ അനൗപചാരിക വിദ്യാഭ്യാസ വികസന സമിതിക്ക് നൽകുന്ന ഗ്രാൻറ്

1823 [2858] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന കേരളാ അനൗപചാരിക വിദ്യാഭ്യാസ സമിതി (കാൻഫെഡ്) ക്ക് സംസ്ഥാന ഗവൺമെൻറ് ഗ്രാൻറ് നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ തുക എത്ര;

(സി) ആ തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്നറിയാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ആ സ്ഥാപനങ്ങളിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നില്ലെന്നും നിയമനങ്ങളിൽ ക്രമക്കേട് നടക്കുന്നു എന്നുള്ള കാര്യവും ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആ സ്ഥാപനത്തിലുണ്ടാകുന്ന ഒഴിവുകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമുഖേന നിയമനം നടത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമവികസന വകുപ്പിൽനിന്നും മാസംതോറും 2,500 രൂപ വീതം ഗ്രാൻറ് നൽകുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) കാൻഫെഡ് ഒരു സന്നദ്ധസംഘടനയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ കാൻഫെഡിന് ആ നിർദ്ദേശങ്ങൾ നൽകാൻ ഗവൺമെൻറിന് നിർവ്വാഹമില്ല.

അഡീഷണൽ ഹെഡ്മാസ്റ്റർമാരുടെ നിയമനം

1824 [2859] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഹൈസ്കൂളുകളിൽ അഡീഷണൽ ഹെഡ്മാസ്റ്റർമാരെ നിയമിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ഹൈസ്കൂളിലാണ് അഡീഷണൽ ഹെഡ്മാസ്റ്റർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ, ബി) ഈ കാര്യം പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly